# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7 — 11.06.2012 ൽ മറുപടിക്ക്

<u>ദേശീയ ആഘോഷങ്ങളിൽ പരേഡിന് വിദ്യാർത്ഥികളെ കൊണ്ടു പോകുന്ന ചെലവ്</u>

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | ദേശീയ ആഘോഷങ്ങളിൽ സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക്ദിനം, എന്നിവയോടനുബന്ധിച്ചുള്ള പരേഡിന് വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന ചെലവു വഹിക്കുന്നതിന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | എ) ബി) | ദേശീയ ദിനാഘോഷങ്ങളോടനുബന്ധിച്ചുള്ള പരിപാടികളിൽ പങ്കെടുക്കുന്ന സ്കൂൾ കുട്ടികളുടെ യാത്രയ്ക്കായി കെ.എസ്.ആർ.ടി.സി/സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കാറുണ്ട്. ഇതിനാവശ്യമായ തുക അതാത് ജില്ലാ കളക്ടറർമാരുടെ തനത് ഫണ്ടിൽനിന്ന് നൽകി വരുന്നു. |
| ബി) | ഇതിനായി കെ.എസ്.ആർ.ടി.സിയുടെയും, സ്വകാര്യ വ്യക്തികളുടെയും വാഹനങ്ങൾ ഹയർ ചെയ്യാറുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള ഹയർ ചാർജ് നല്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ഏത് ഉദ്യോഗസ്ഥനെയാണെന്ന് വിശദമാക്കുമോ; | | |
| സി) | ഈ ആവശ്യത്തിന് വാഹനം വിട്ടു നല്കിയവർക്ക് വാഹന വാടക നല്കിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | സി) | ഉണ്ട് |
| ഡി) | കുടിശ്ശിക എത്രയും വേഗം തീർപ്പാക്കാൻ വേണ്ട നിർദ്ദേശം നല്കുമോ? | ഡി) | കുടിശ്ശിക തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ